# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1239.** **30.09.2011-ൽ മറുപടിക്ക്**

## അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. ഷിബു ബേബി ജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര തൊഴിലാളികൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ അന്യസംസ്ഥാന തൊഴിലാളികൾ എത്ര പേരുണ്ട്; | (എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതിനകം 16,94,075 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്നില്ല. എന്നാൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിലുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 23/09/2011 വരെ 15,111 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) തൊഴിൽ വകുപ്പ് ഇതിനകം എത്ര അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്; | (ബി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ-പദ്ധതിയിൽ 23/09/2011 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള 15111 അന്യസംസ്ഥാന തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. |
| (സി) മതിയായ സുരക്ഷാ സംവിധാന-ങ്ങളില്ലാതെ നിർമ്മാണ പ്രവൃത്തിയി-ലേർപ്പെടുന്ന തൊഴിലാളികൾ പല-പ്പോഴും അപകടത്തിൽപ്പെട്ട് ഗുരുതര-മായി പരിക്കേൽക്കുന്നതും ചിലപ്പോൾ മരണം സംഭവിക്കുന്നതുമായ സാഹ-ചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(ഡി) എങ്കിൽ ഇത്തരം തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പ് നിർദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ഡി) ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1996 പ്രകാരം തൊഴിൽ ദാതാവ് കെട്ടിട നിർമ്മാണത്തിനായി രജിസ്റ്റർ ചെയ്യുകയും ടി ആക്ട് റൂൾസ് പ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലാളികൾക്ക് ഉറപ്പു വരുത്തുകയും ചെയ്യുന്നു. സുരക്ഷാ നടപടികൾ ഉറപ്പു വരുത്തുന്നതിനായി തൊഴിൽ വകുപ്പിലെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലേയും ഉദ്യോഗസ്ഥർ സംയുക്തമായി സ്ക്വാഡ് പരിശോധന നടത്താറുണ്ട്. ഗുരുതരമായ സുരക്ഷാവീഴ്ച കണ്ടെത്തുന്ന നിർമ്മാണ സൈറ്റുകളിലെ പ്രവർത്തനം നിറുത്തി വയ്ക്കുന്നതിന് നോട്ടീസ് നൽകുകയും സുരക്ഷാ നടപടികൾ പാലിച്ചതായി ബോദ്ധ്യപ്പെട്ട കേസുകളിൽ അവ പുനരാരംഭിക്കുന്നതിന് അനുവാദം നൽകി വരുന്നുമുണ്ട്.

(ഇ) ഇതു പാലിക്കാത്ത കെട്ടിട നിർമ്മാതാക്കൾക്കെതിരെ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്?

(ഇ) ഇതു പാലിക്കാത്ത കെട്ടിട നിർമ്മാതാക്കൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്ത് നിർമ്മാണം തടഞ്ഞു വയ്ക്കുകയും കെട്ടിട നിർമ്മാണ വേളയിൽ സുരക്ഷാക്കുറവുമൂലം മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്താൽ കെട്ടിട ഉടമയ്ക്കെതിരെ വർക്ക്മെൻസ് കോമ്പൻസേഷൻ നിയമ പ്രകാരം (നിലവിൽ എംപ്ലോയീസ് കോമ്പൻസേഷൻ നിയമം) കേസെടുത്ത്, നഷ്ടപരിഹാരം കെട്ടിട ഉടമയിൽ നിന്നും ഈടാക്കി ആശ്രിതർക്കോ, പരിക്കേറ്റ തൊഴിലാളിക്കോ നൽകുന്നു.

(എഫ്) എങ്കിൽ വകുപ്പ് എത്ര പേർക്കെതിരെ ഇത്തരം ശിക്ഷാ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) 42 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) ഇല്ലെങ്കിൽ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളും?

(ജി) കെട്ടിട നിർമ്മാണത്തിനുള്ള പ്ലാൻ അപ്രൂവലിനായി സമർപ്പിക്കുമ്പോൾ അതോടൊപ്പം തന്നെ ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് അംഗീകരിച്ച മാതൃകയിലുള്ള ഒരു സേഫ്റ്റി പ്ലാൻ കൂടി കെട്ടിട ഉടമ സമർപ്പിച്ച് അപ്രൂവൽ വാങ്ങണമെന്ന നിബന്ധന ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതു കൂടാതെ നിർമ്മാണ മേഖലയിൽ സുരക്ഷ ഉറപ്പു വരുത്തുന്നതിന് അംഗീകൃത ഏജൻസിയെ നിയോഗിച്ച് സേഫ്റ്റി ഓഡിറ്റ് നിർബന്ധമാക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ